# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.158/PR/PIC/PHQ/14 Date : 05.07.2014

---

**അമിത പലിശ: 25 റെയ്ഡ്; രണ്ട് കേസ്**

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ശനിയാഴ്ച (05-07-2014) 25 റെയ്ഡുകൾ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 11928-ലേറെ റെയ്ഡുകളിലായി 923-പേർ പിടിയിലായി. 1883 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************